"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് -എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ പഞ്ചായത്തിലെ രണ്ടാം വാർഡിലെ ഊഴക്കോട്ടുചിറ നവീകരണം എന്ന പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.151/2024/WRD തീയതി,തിരുവനന്തപുരം, 22-02-2024

---

പരാമർശം:-

1. 30.07.2019 തീയതിയിലെ സ.ഉ (സാധാ) നം.559/2019/ജവിവ
2. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 30/12/2023 തീയതി യിലെ CEIA/4102/2023-DB2(W2) നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ പഞ്ചായത്തിലെ രണ്ടാം വാർഡിലെ ഊഴക്കോട്ടുചിറ നവീകരണം എന്ന പ്രവൃത്തിയ്ക്ക് 41 ലക്ഷം രൂപയുടെ ഭരണാനുമതി 4702-00-101-63(P) Renovation of Tanks and Ponds Schemes under Haritha Keralam എന്ന ശീർഷകത്തിൽ നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2020ൽ പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയെങ്കിലും പ്രതികൂലമായ സാഹചര്യങ്ങൾ മൂലം 2022ൽ പൂർത്തീകരിച്ച എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ പഞ്ചായത്തിലെ രണ്ടാം വാർഡിലെ ഊഴക്കോട്ടുചിറ നവീകരണം എന്ന പ്രവൃത്തി എസ്റ്റിമേറ്റ് പി.എ.സി-യെക്കാൾ 7.93% അധികനിരക്കിലാണ് കരാർ ഒപ്പുവച്ചിട്ടുള്ളത്. കൂടാതെ ടി പ്രവൃത്തിയുടെ 18.07.2022-ന് മുൻപ് പൂർത്തീകരിച്ച പ്രവൃത്തിയ്ക്ക് 12% ജി.എസ്.റ്റിയും 18.07.2022-ന് ശേഷം പൂർത്തീകരിച്ച പ്രവൃത്തിയ്ക്ക് 18% ജി.എസ്.റ്റിയും ഉൾപ്പെടുത്തി സാങ്കേതികാനുമതി റേറ്റ് പ്രകാരം ₹41,73,549.82 വേണ്ടി വരുമെന്നതിനാൽ ₹41,73,550 പുതുക്കിയ ഭരണാനുമതി 4702-00-101-63(P) Renovation of Tanks and Ponds Schemes under Haritha Keralam എന്ന ശീർഷകത്തിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം അപേക്ഷ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ പഞ്ചായത്തിലെ രണ്ടാം വാർഡിലെ ഊഴക്കോട്ടുചിറ നവീകരണം എന്ന പ്രവൃത്തിയ്ക്ക് ₹41,73,550 (നാൽപ്പത്തി ഒന്ന് ലക്ഷത്തി എഴുപത്തി മൂവായിരത്തി അഞ്ഞൂറ്റി അൻപത് രൂപ) പുതുക്കിയ ഭരണാനുമതി 4702-00-101-63(P) Renovation of tanks and ponds schemes under Haritha Keralam എന്ന ശീർഷകത്തിൽ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. സിബി എൻ കെ എ എസ്
അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ.ഇ / ആഡിറ്റ്) കേരളം, തിരുവനന്തപുരം

സ.ഉ.(സാധാ) നം.151/2024/WRD

ധനകാര്യ വകുപ്പ് (നം.അഗ്രി-എ1/177/2019/ധന തീയതി 09.02.2024)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Aniletha G
സെക്ഷൻ ഓഫീസർ
Date: 23-02-2024 11:04:27

പകർപ്പ് : ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്